(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കേരള ഫൈനാൻസ് കോർപ്പറേഷൻ കടം കൊടുത്തവരിൽ വ്യവസായം തുടങ്ങാത്തവർ

1260 [2027] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫൈനാൻസ് കോർപ്പറേഷൻ കടം കൊടുത്തവരിൽ വ്യവസായം തുടങ്ങാത്തവർ ആരൊക്കെയെന്നു വ്യക്തമാക്കാമോ:

(ബി) ഇവർക്ക് ഓരോരുത്തർക്കും കൊടുത്ത വായ്പാസംഖ്യ എത്ര വീതമാണ്;

(സി) ഇവർക്ക് കൊടുത്ത വായ്പ സംഖ്യയിൽ ഇതിനകം തിരിച്ചടച്ചതെത്ര;

(ഡി) ഇവരുടെ ആരുടെയെങ്കിലും പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടി ആരുടെയൊക്കെ പേരിൽ?

ഉത്തരം

(എ, ബി, സി.) കേരള ഫൈനാൻസ് കോർപ്പറേഷൻ വായ്പ കൊടുത്തവരിൽ 51 പേർ വ്യവസായം തുടങ്ങാത്തതായി ഇതിനകം കോർപ്പറേഷന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്: അവർ ആരൊക്കെയാണെന്നും അവർക്ക് കൊടുത്ത തുക എത്ര വീതമാണെന്നും ഇതിനകം തിരിച്ചടച്ച സംഖ്യ എത്രയാണെന്നും ഇതോടൊപ്പമുള്ള പട്ടിക 1-ൽ ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്.

(ഇ) പട്ടിക 2-ൽ ചേർത്തിട്ടുള്ള * 12 യൂണിറ്റുകളുടെ പേരിൽ കോടതി നടപടി സ്വീകരിച്ചിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് അഡീഷനൽ ഡയറക്ടറുടെ യാത്രപ്പടി

1261 [2028] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് റിലേഷൻസ് അഡീഷനൽ ഡയറക്ടർ ശ്രീ. അശോകൻ എന്നാണ് ചാർജെടുത്തത്;

(ബി) ചാർജെടുത്തതിനുശേഷം 28-2-1979 വരെ ശ്രീ. അശോകൻ യാത്രാപ്പടി, അലവൻസുകൾ തുടങ്ങിയ ഇനത്തിൽ എത്ര സംഖ്യ കൈപ്പറ്റി; വിശദമായ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വെക്കുമോ?

ഉത്തരം

(എ) 20-7-1978-ൽ.

(ബി) യാത്രപ്പടി, ദിനബത്ത എന്നീ ഇനങ്ങളിലായി മൊത്തം 4120.35 രൂപ. വിശദമായ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവെച്ചിട്ടുണ്ട്.†

*അനുബന്ധം II

†അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

പട്ടിക—2

1. ജൂലി പ്രിന്റേഴ്സ്, മാവേലിക്കര
2. ലിയോ പ്രിന്റേഴ്സ്, എറണാകുളം
3. ലക്ഷ്മി കെമിക്കൽസ്, കണ്ണൂർ
4. രമാ ടൂറിസ്റ്റ് ഹോം, എറണാകുളം
5. പ്രിൻറ്വെൽ പാക്കേജേർസ്, കൊല്ലം
6. ഇൻഡോഫോറിൻ സീ ഫുഡ്സ്, കൊല്ലം
7. ബിജു ഐസ് ആൻറ് കോൾഡ് സ്റ്റോറേജ്, കായംകുളം
8. ഫിഷ്നെറ്റ് മാനുഫാക്ചറിങ്ങ് കമ്പനി, തിരുവനന്തപുരം
9. റഫീക്ക് ഇൻഡസ്ട്രീസ്, കൊല്ലം
10. മലയിൽ ഇൻഡസ്ട്രീസ്, ആലപ്പുഴ
11. പാർവ്വതി മെറ്റൽ ഇൻഡസ്ട്രീസ്, കണ്ണൂർ
12. ജെ ആൻറ് ജെ ഇൻഡസ്ട്രീസ്, കൊച്ചി

അനുബന്ധം III

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1261 [2028] കാണുക

മാസം	യാത്രപ്പടി/ദിനബത്തയായി വാങ്ങിയ തുക	
	രൂപ	പൈസ
1978 ആഗസ്റ്റ്	276	40
1978 സെപ്റ്റംബർ	279	20
1978 ഒക്ടോബർ	508	90
1978 നവംബർ	319	20
1978 ഡിസംബർ	623	55
1979 ജനുവരി	313	10
1979 ഫെബ്രുവരി (ഡൽഹി യാത്രക്കുള്ള അഡ്വാൻസ്)	1800	00

LIBRARY ARCHIVES Kerala Legislative Assembly